# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറമറ്റം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി 8 -581/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/09/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറമറ്റം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി 8 -581/2021 തീയ്യതി: 28/09/2021

## പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റെയ്ച്ചൽ ബോബൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അശോക് സി | സെക്രട്ടറി | 01-04-2019 | 11-07-2019 |
| ശ്രീ. കുമാർ ബി പി | സെക്രട്ടറി | 12-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് ബാബു ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. പ്രേമ ജോർജ്ജ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ. അലക്സാണ്ടർ എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. സുനിൽകുമാർ കെ വി | പ്രധാനാദ്ധ്യാപകൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സുജ ജയപാൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. പ്രിയേഷ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി അനീസ എൻ എ | കൃഷി ഓഫീസർ | 01-04-2019 | 23-09-2019 |
| ശ്രീമതി ലത മേരി തോമസ് | കൃഷി ഓഫീസർ | 24-09-2019 | 31-03-2020 |
| ഡോ. ഹരികൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-01-2020 |
| ഡോ. കിരൺ | വെറ്ററിനറി സർജൻ | 01-02-2020 | 31-03-2020 |
| ശ്രീമതി ഷീന എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2019 | 09-07-2019 |
| ശ്രീ. ജിമ്മി ദാസ് | വില്ലേജ് | 10-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ-1 | | |
| ശ്രീ. ജിമ്മി ദാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2019 | 09-07-2019 |
| ശ്രീമതി പ്രമീള പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 10-07-2019 | 12-02-2020 |
| ശ്രീ. ജിമ്മി ദാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 13-02-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 17-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 17-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-5 |
| 7 | 52 ലക്ഷം രൂപയുടെ ഫണ്ട് നഷ്ടപ്പെട്ടു<br>Written By: Arun S Nair (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-5-1 |
| 8 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്<br>Written By: Arun S Nair (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-5-2 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 26-08-2021)<br>Last Updated By: Joe M James (Computer Assistant, On 15-09-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 15-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: SINDHUMOL V N (Auditor, On 26-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 25-08-2021)<br>Last Updated By: Joe M James (Computer Assistant, On 15-09-2021) | 1-10 |
| 14 | വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ- ചട്ടം അനുശാസിക്കുന്ന രീതിയിലല്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-11 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി 850513 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-12 |
| 16 | പഞ്ചായത്ത് കെട്ടിട വാടക ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-13 |
| 17 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവരെല്ലാം നികുതി | 1-14 |

| | | |
|---|---|---|
| | പരിധിക്കുള്ളിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | |
| 18 | ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് തൃപ്തികരമല്ല<br>Written By: Arun S Nair (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-15 |
| 19 | എസ്.എസ്.എ-വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Lekha Janardhanan (Senior Grade Auditor, On 17-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-16 |
| 20 | അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു<br>Written By: Lekha Janardhanan (Senior Grade Auditor, On 18-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-17 |
| 21 | കൃത്യമായി രേഖകൾ സൂക്ഷിക്കുന്നില്ല.<br>Written By: Lekha Janardhanan (Senior Grade Auditor, On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-18 |
| 22 | മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 27-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 14-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 27-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 14-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

28.2.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20.3.2020-ലെ 5-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികധനകാര്യ പത്രിക 23.05.2020 – ന് ഇ – സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ B3 :- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

2.ഷെഡ്യൂൾ B11 :- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

3.ഷെഡ്യൂൾ B14 :- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. I-1, RP-43, B15 :- വസ്തു നികുതി വരവ്, ചെലവ്, നീക്കിയിരിപ്പ്-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5.Schedule B4- Beneficiary Contribution – രേഖകൾ ഹാജരാക്കാതിരുന്നതുമൂലം ഷെഡ്യൂൾ പ്രകാരമുള്ള 6955 രൂപയുടെ കൃത്യത ഉറപ്പാക്കാലായില്ല.
6.Capital Work In Progress – അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തൻ വർഷം 727246 രൂപയാണ് Part Payment ആയി നൽകിയിട്ടുള്ളത്. ഇത് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി ( 285904 രൂപ) പൊരുത്തപ്പെടുന്നില്ല.
7.Rent- രജിസ്റ്റർ പ്രകാരമുള്ള വരവ് തുക 71538 രൂപ. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്- 74190. വ്യത്യാസം വിശദീകരിച്ചില്ല.
8.തൊഴിലുറപ്പ് പദ്ധതി- വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8389439 |
| വരവ് | 33889847 |
| ആകെ | 42279286 |
| ചെലവ് | 31625218 |
| നീക്കിയിരിപ്പ് | 10654068 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിന്റെ വിശദാംശം | |
|---|---|---|---|---|---|---|---|

| | | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 7076000 | 7076000 | 6072253 | 1003747 | 891200 | 112547 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4675000 | 4675000 | 2190761 | 2484239 | 526082 | 1958157 |
| വികസനഫണ്ട് (റ്റി.എസ്സ്.പി) | 0 | 52000 | 52000 | 0 | 52000 | 0 | 52000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 5409333 | 5409333 | 2669626 | 2739707 | 1106496 | 1633211 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 3699000 | 3699000 | 2510897 | 1188103 | 388265 | 799838 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 1916725 | 1334275 | 695996 | 638729 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| -ഇല്ല- | | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| എം.ജി.എൻ.ആർഇ..ജി.എസ് | 2136 | 533822 | 535958 | 334233 | 201725 | | |
| ഐ.സി.ഡി.എസ് | 38177 | 459920 | 498097 | 435545 | 62552 | | |
| റ്റി.എസ്സ്.സി | 510230 | 0 | 510230 | 0 | 510230 | | |
| എസ്സ്.എസ്സ്.എ | 25225 | 869 | 26094 | 0 | 26094 | | |

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

## ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

വികസന ഫണ്ട്(ജനറൽ) - ലൈഫ് ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗഡുവിന്റെ വിവരം | അലോട്ട്മെന്റ് പ്രകാരമുള്ള തുക | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് |
|---|---|---|---|
| ഒന്നാം ഗഡു | 2358700 | 0 | 2358700 |
| രണ്ടാം ഗഡു | 2358700 | 117647 | 2241053 |
| മൂന്നാം ഗഡു | 2358600 | 117647 | 2240953 |
| ആകെ | 7076000 | 235294 | 6840706 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 171 | 47991956 | 103 | 20871620 | 68 | 43.49 |

നടപ്പിലാക്കിയ പ്രോജക്ടുകളിൽ 47 എണ്ണം മുൻ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളാണ്. കൃത്യമായ ആസൂത്രണമില്ലായ്മയാണ് പ്രോജക്ടുകളുടെ നിർവ്വഹണം വർഷാവസാനം വരെ നീണ്ടു പോകാനും വലിയൊരു ശതമാനം പ്രോജക്ടുകൾ സ്പിൽ ഓവറാകാനും കാരണമാകുന്നത്. പഞ്ചായത്ത് ഭരണസമിതി ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. വാർഡടിസ്ഥാനത്തിലുള്ള പ്രോജക്ടുകളാണ് മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും. നൂതന പ്രോജക്ടുകൾ എന്ന ആശയം പദ്ധതി രൂപീകരണത്തിൽ പ്രതിഫലിക്കുന്നില്ല.

സ.ഉ(കൈ.) 11/2018/തസ്വഭവ തീയതി 29.1.2018 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ആശയങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടല്ല പ്രോജക്ടുകൾ ആവിഷ്കരിച്ചത് എന്ന് വ്യക്തമാണ്. ജൈവകൃഷി, തരിശുഭൂമി കൃഷി, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല. കുടുംബശ്രീയുടെ നൈപുണ്യവികസനം, സംരംഭവികസനം എന്നീ പരിപാടികളുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടില്ല. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉത്പാദന

മേഖലയിലെ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. (സാമൂഹ്യനീതി, സഹകരണം, കായികം, കല-സാംസ്കാരിക മേഖലകളെ പൂർണ്ണമായി അവഗണിച്ചിരിക്കുന്നു.

## 1-5-1 52 ലക്ഷം രൂപയുടെ ഫണ്ട് നഷ്ടപ്പെട്ടു

2019-20 വർഷം ലഭിച്ച വിവിധ ഫണ്ടുകളും അവയുടെ ചെലവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഫണ്ട് ഇനം | വരവ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7076000 | 6072253 | 1003747 | 85.81 |
| വികസന ഫണ്ട് (എസ്.സി.പി) | 4675000 | 2190761 | 2484239 | 46.86 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 52000 | 0 | 52000 | 0.00 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5409333 | 2669626 | 2739707 | 49.35 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3699000 | 2510897 | 1188103 | 67.88 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3251000 | 1916725 | 1334275 | 57.96 |
| | | | 8802071 | |

8802071 രൂപയിൽ 3607589 രൂപ ട്രഷറി ക്യൂ ബിൽ തുടർവർഷം ചെലവഴിച്ചിട്ടുള്ളതാണ്. റ്റി.എസ്.പി ഫണ്ട്,എസ്.സി.പി ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ ചെലവ് കുറവാണ്. സമയബന്ധതമായി ഫണ്ടുകൾ ചെലവഴിക്കാത്തത് മൂലം പഞ്ചായത്തിന് 52 ലക്ഷം(8802071 – 3607589) രൂപ നഷ്ടപ്പെട്ടു.

## 1-5-2 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 15 | 6055943 | 3725697 | 61.52 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 734056 | 630939 | 85.91 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 45 | 17335412 | 7250322 | 41.82 |
| കൃഷി ഓഫീസർ | 7 | 7 | 3889737 | 852200 | 21.91 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 8 | 11580239 | 3411124 | 29.45 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 2760094 | 1831739 | 66.36 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 6 | 1238200 | 779454 | 62.95 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 350000 | 350000 | 100.00 |
| വെറ്ററിനറി സർജൻ | 10 | 9 | 3400400 | 1616245 | 47.53 |
| പ്രധാനാദ്ധ്യാപകൻ, ജി.യു.പി.എസ് | 3 | 2 | 247875 | 223900 | 90.33 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 200000 | 50.00 |
| | 171 | 103 | 47991956 | 20871620 | 43.49 |

അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതി നിർവ്വഹണത്തിൽ വളരെ ഉദാസീന മനോഭാവമാണ് പുലർത്തിയത് എന്ന് മേൽ സൂചിപ്പിച്ചിട്ടുള്ള കണക്കുകൾ വ്യക്തമാക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ മൂന്നിൽ രണ്ട് ഭാഗവും (45ൽ 34 എണ്ണം) മുൻ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളാണ്. മരാമത്ത് പ്രവൃത്തികൾ വർഷാവസാനം വരെ നീട്ടി മാർച്ച് മാസത്തിൽ ചെലവ് നടത്തുന്ന പ്രവണതയിൽ മാറ്റം വരുത്തേണ്ടതാണ്. അതുപോലെതന്നെ വി.ഇ.ഒ., അഗ്രിക്കൾച്ചർ ഓഫീസർ എന്നിവരുടെ പദ്ധതിച്ചെലവിലും കുറവുണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. പ്രോജക്ടുകൾ

രൂപീകരിച്ചതിനുശേഷം നിർവ്വഹണപ്രക്രിയയുടെ ഓരോ ഘട്ടത്തിലും നിരന്തരവിലയിരുത്തലിലും മോണിട്ടറിംഗിലും പങ്കാളികളാകുകയും ചെയ്യേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2137 | 533822 | 535959 | 334233 | 201725 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11396747 | 11396747 | 11396747 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 173000 | 173000 | 173000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 7394100 | 1372 |
| വിധവാ പെൻഷൻ | 2283600 | 416 |
| കർഷക തൊഴിലാളി പെൻഷൻ | 595800 | 109 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 903800 | 119 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 78600 | 14 |
| തൊഴിൽ രഹിത വേതനം | 8160 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,657 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസിലെ പ്രവർത്തനം തൃപ്തികരമാണ്. ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിന് ISO 9001 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ടെങ്കിലും ഘടകസ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടില്ല.

അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. എന്നാൽ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

മിനിട്ട്സ്

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെയും വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം

ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയോ ചെയ്യുന്നില്ല. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് പരിശോധിച്ചതിലും അവരുടെ ചുമതലയിലുള്ള വിഷയങ്ങളിൽ പഞ്ചായത്തിന് ഗുണപരമായ ചർച്ചകൾ ഒന്നും ഉണ്ടാകുന്നില്ല എന്ന് കണ്ടു.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ ശമ്പള വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്ററും സൂക്ഷിക്കപ്പെട്ടിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.2.2018 | 2012-13 മുതൽ 2016-17 വരെ | 7.4.2018 |
| പെർഫോമൻസ് ഓഡിറ്റ് | 17.1.2021– 18.1.2021 | 9/2020 മുതൽ 12/2020 വരെ | 20.1.2021 |

## 1-11 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ- ചട്ടം അനുശാസിക്കുന്ന രീതിയിലല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ റൂൾ 2 (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഫീസ് ഈടാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതുമാണ്. എന്നാൽ സാമ്പത്തിക വർഷം ലൈസൻസ് ഫീസ് പിരിച്ചിട്ടുണ്ടെങ്കിലും അപേക്ഷകർ സമർപ്പിച്ച അപേക്ഷകളിലോ അനുബന്ധ രേഖകളിലോ മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ലൈസൻസ് പിരിച്ചതിന്റെ മാനദണ്ഡം ഓഡിറ്റിൽ വ്യക്തമായിട്ടില്ല.

പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

പഞ്ചായത്തിലെ എല്ലാ വാർഡുകളിലെ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയുള്ള വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടിയവയാണോ എന്ന് ഉറപ്പാക്കാനായില്ല.

ഈ സാമ്പത്തിക വർഷം ലൈസൻസില്ലാതെ പ്രവർത്തിച്ച ചില സ്ഥാപനങ്ങൾ ഉദാഹരണമായി ചേർക്കുന്നു

1. വേണു ജ്വലറി, വെണ്ണിക്കുളം
2. ശ്രീകൃഷ്ണ എൻജിനിയറിങ് വർക്ക്സ്, പടുതോട്

വാർഡ് പ്രതിനിധികളുടെ സഹായത്തോടെ എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിക്കേണ്ടതും, ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

2. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 5 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. അക്ഷയകേന്ദ്രങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയില

ചട്ടത്തിൽ വരുത്തിയ ഭേതഗതി പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നു. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 അക്ഷയകേന്ദ്രങ്ങളിൽ നിന്നും അടുത്ത സാമ്പത്തിക വർഷം മുതൽ അക്ഷയകേന്ദ്രങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി 850513 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 4 ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ ഈടാക്കിയിട്ടില്ല. ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | ടവറുകളുടെ വസ്തുനികുതി കടിശ്ശിക |
|---|---|---|---|---|
| 1 | ബി.എസ്.എൻ. എൽ. | 3/262/A | 6.25 $M^2$ | ₹ 30224 |
| 2 | റിലയൻസ് കമ്യൂണിക്കേഷൻസ് ലിമിറ്റഡ് | 3/499/A | 17.9 $M^2$ | ₹ 45185 |
| 3 | ടവർ വിഷൻ ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് | 6/305/A | 77.44 $M^2$ | ₹ 531824 |
| 4 | ടവർ വിഷൻ ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് | 10/142/A | 56.25 $M^2$ | ₹ 243280 |

ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് കെട്ടിട വാടക ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഷോപ്പിംഗ് കോംപ്ലക്സ് മാതൃകാ ബൈലോ ഉത്തരവ് (നം. സി5-17031/2004 തീയതി 24.07.2004) പ്രകാരം എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തിഗ്രാമപഞ്ചായത്ത് ബൈലോ തയ്യാറാക്കി അംഗീകരിക്കേണ്ടതും, അതിനനുസരിച്ച് വാടകയും ഡിപ്പോസിറ്റും ഈടാക്കേണ്ടേതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കെട്ടിട വാടക ഈടാക്കുന്നതിന് ഇപ്രകാരം ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ആയത് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും അതിനനുസൃതമായി വാടക ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവരെല്ലാം നികുതി പരിധിക്കുള്ളിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ എല്ലാവരും നികുതി പരിധിക്കുള്ളിൽ വരുന്നുണ്ടെന്ന് സ്ഥാപനം ഉറപ്പു വരുത്തുന്നില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകളാണ് ഇത് വ്യക്തമാക്കുന്നത്. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകുന്നില്ലെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതാണ്. (നിയമം 205 ബി, ചട്ടം 13 എന്നിവ കാണുക.) ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2. പഞ്ചായത്തിൽ മരാമത്ത് വേലകൾ എറ്റെടുത്തു ചെയ്യുന്ന കോൺട്രാക്ടർ ആരും തന്നെ പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടങ്കിൽ ആയതിന്റെ രസീത് ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത വ്യക്തികളിൽനിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

3. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതിന് വിശദീകരണം ആരാഞ്ഞുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(9/18.08.2021) താഴെപറയും പ്രകാരം മറുപടി ലഭ്യമാക്കി.

1.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ഒന്നാം അർദ്ധവർഷത്തിൽ അടവാക്കിയ തുക | അന്വേഷണകുറിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസ്, വെണ്ണിക്കുളം | 11 ജീവനക്കാർ | ₹ 13,500 | ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി |
| മേമല ക്ഷീരസഹകരണ സംഘം | 2 ജീവനക്കാർ | ₹ 900 | ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ₹ 900രസീത് നം 121020101009 പ്രകാരം 24.08.2021-ൽ അടവാക്കി |

4. ഗ്രാമപഞ്ചായത്തിന്റെ പരിസരത്തുള്ളതും വെണ്ണിക്കുളം ജംഗഷനിലുള്ളതുമായ പല കടകളും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 9/18.08.2021) ) സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അന്വേഷണകുറിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി |
|---|---|
| ത്രിവേണി സൂപ്പർ മാർക്കറ്റ് | 25.08.2021-ലെ 121020101011 രസീതിൻ പ്രകാരം 3429 രൂപ അടവാക്കി |
| കൈരളി കറിപൗഡർ | 26.08.2021-ലെ 121020101038 രസീതിൻ പ്രകാരം 1191 രൂപ അടവാക്കി |

## 1-15 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് വർഷം ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ് 5409333 രൂപയിൽ 3776122 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാന്റ് വകയിരുത്തിയ 45 പ്രോജക്ടുകളിൽ 27 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. സ.ഉ(കൈ.) 300/2018/ധന തീയതി 17.8.2018 പ്രകാരം പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് നിർവ്വഹിക്കേണ്ട പൗര സേവനങ്ങളായ കുടിവെള്ള വിതരണം, ശുചീകരണം, അഴുക്കുചാൽ ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, ഗതാഗതം, തെരുവു വിളക്ക് കത്തിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. പുറമറ്റം മാർക്കറ്റ് സമഗ്ര ഖരമാലിന്യ പദ്ധതി, ജി.യു.പി.എസ് വട്ടക്കോട്ടാൽ നവീകരണം, 34-ാം നമ്പർ അംഗൻവാടി കെട്ടിടവും അനുബന്ധ നിർമ്മാണവും , കമ്പനിമലയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, ലത്തീൻ പള്ളിപ്പടിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ , തെരുവ് വിളക്കുകൾക്ക് എ.എം.സി, ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ ഉൾപ്പെടെ പല പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല. ഭൂരിഭാഗം തുകയും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാണ്

ചെലവഴിച്ചിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുവാനും ഗ്രാന്റ് പൂർണ്ണമായി വിനിയോഗിക്കാനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ-വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഗ്രാമപ്പഞ്ചായത്തിലെ യു.പി സ്കൂളിന്റെ സമഗ്രവികസനത്തിനായി എസ്.എസ്.എയ്ക്ക് 200000 രൂപ (പ്രൊ.നം.75/20) 1982101019851 നമ്പർ അക്കൗണ്ടിലേക്ക് 12-07-20 തീയതിയിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമായിട്ടില്ല. പകരം രണ്ടു ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട് എന്ന് അറിയിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. എസ്.എസ്.എ. യ്ക്ക് നൽകിയ 2,00,000 രൂപ ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് സ്കൂളിൽ നടത്തിയ പ്രവൃത്തികളുടെ വിശദ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും എസ്.എസ്.എ.യിൽ ഒടുക്കുന്ന വിഹിതത്തിന് ആനുപാതികമായ പ്രവർത്തനങ്ങൾ/ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു

ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കറവപ്പശുക്കൾക്ക് കാലിത്തീറ്റ, കന്നുകുട്ടി പരിപാലന പദ്ധതി (വനിത), പോത്ത്കുട്ടികളെ വാങ്ങി നൽകൽ (എസ് സി), പോത്ത്കുട്ടികളെ വാങ്ങി നൽകൽ (ജനറൽ), കറവയുള്ള എരുമയെ വാങ്ങി നൽകൽ തുടങ്ങിയ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ കുറവായതു കാരണം അടങ്കലിന്റെ 41.41% മാത്രമേ ചെലവഴിക്കാനായുള്ളു. പ്രസ്തുത പ്രോജക്ടുകൾക്കായി 3042000 രൂപ വകയിരുത്തിയതിൽ 1259800 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 287820 (വികസനഫണ്ട് )<br>4680 (തനത് ഫണ്ട് )<br>150000(ജില്ലാപ്പഞ്ചായത്ത് )<br>442500(മറ്റുള്ളവ) | 244000(വികസനഫണ്ട് )<br>0 (തനത് ഫണ്ട് )<br>0(ജില്ലാപ്പഞ്ചായത്ത് )<br>244000(മറ്റുള്ളവ ) |
| 2. | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത) | 200000(വികസനഫണ്ട് )<br>200000 (സംസ്ഥാനാവിഷ്കൃത ഫണ്ട് )<br>400000 (മറ്റുള്ളവ) | 200000(വികസനഫണ്ട് )<br>0 (സംസ്ഥാനാവിഷ്കൃത ഫണ്ട് )<br>0(മറ്റുള്ളവ ) |
| 3. | പോത്ത്കുട്ടി വാങ്ങി നൽകൽ (എസ് സി) | 510000(വികസനഫണ്ട് എസ് സി പി)<br>3000(തനത് ഫണ്ട് )<br>168000 (മറ്റുള്ളവ ) | 54000(വികസനഫണ്ട് എസ് സി പി)<br>0(തനത് ഫണ്ട് )<br>15000(ഗു.വി. ) |
| 4. | പോത്ത്കുട്ടി വാങ്ങി നൽകൽ (ജനറൽ) | 307200 (വികസനഫണ്ട് )<br>4800(തനത് ഫണ്ട് )<br>312000 (മറ്റുള്ളവ ) | 186000(വികസനഫണ്ട് )<br>4800(തനത് ഫണ്ട് )<br>312000 (ഗു.വി.) |
| 5. | കറവയുള്ള എരുമയെ വാങ്ങി നൽകൽ | 52000(വികസനഫണ്ട് ടി എസ് പി) | 0(വികസനഫണ്ട് ടി എസ് പി) |
| ആകെ | | 3042000 | 1259800 |

ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ടി പ്രോജക്ടുകൾക്ക് ആവശ്യമായ ഗുണഭോക്താക്കൾ ഉണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കി ആനുകൂല്യം കൈപ്പറ്റുന്നതിന് മതിയായ എണ്ണം ഗുണഭോക്താക്കൾ

ഇല്ലാതിരുന്നതാണ് ചെലവ് കുറയാനിടയായതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കി. ഇതുമൂലം പ്രോജക്ടുകളിൽ ചെലവഴിക്കാനവശേഷിച്ച തുക നഷ്ടപ്പെടുകയും ചെയ്തു. ഗ്രാമപ്പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് മതിയായ ഗുണഭോക്താക്കളുടെ അഭാവം മൂലം നഷ്ടമായത്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാ മാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 കൃത്യമായി രേഖകൾ സൂക്ഷിക്കുന്നില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പലതും അപൂർണ്ണവും, മതിയായ രേഖകൾ ലഭ്യമാക്കാതെയുമാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടു. വാർഷിക വരുമാനം അർഹത മാനദണ്ഡമാക്കിയിട്ടുള്ള ആനുകൂല്യ വിതരണത്തിൽപ്പോലും ആയത് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതുപോലെതന്നെ കരാർ ചമയ്ക്കേണ്ട സംഗതികളിൽ ഗുണഭോക്താക്കളിൽ നിന്നും മുദ്രപ്പത്രം വാങ്ങി ഫയലിൽ സൂക്ഷച്ചിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതിച്ചേർക്കുകയോ ഭവന പുനരുദ്ധാരണം പോലുള്ള പദ്ധതികളിൽ ആവശ്യമായ എസ്റ്റിമേറ്റ് സൂക്ഷിക്കുകയോ

ചെയ്യുന്നില്ല. മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-19 മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല

സാന്ത്വന പരിചരണം പദ്ധതിയ്ക്കായി (169/20) പ്രൊഫോർമ ഇൻവോയിസ് നമ്പർ PRF 4496/10.2.2020 പ്രകാരം 2,28,339 രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 75000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 91580 | ഹരിത ഗ്രാമം പ്രോജക്ട് | 91580 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് ഭൂരഹിത ഭവനരഹിതകർക്ക് ഭൂമി വാങ്ങൽ | 400000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 296035 | പാലിയേറ്റീവ് പരിചരണം | 296035 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 31895 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 31895 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 600000 | ലൈഫ് ഭൂരഹിത ഭവനരഹിതകർക്ക് ഭൂമി വാങ്ങൽ | 600000 | 0 |
| പത്തനംതിട്ട | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 200000 | വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 123-ാം നമ്പർ അംഗൻവാടിയ്ക്ക് വാട്ടർ കണക്ഷനും വാട്ടർ ടാങ്കും (107/20) | 19050952010800189889/ 5.4.2019 | 20000 | 0 | 20000 |
| കേരള വാട്ടർ അതോറിറ്റി | (109/20) കാവുങ്കൽ കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ | 190509520108001575996/ 6.4.2019 | 30000 | 0 | 30000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2408105 | 2128105 | 235294 | | 2052811 |
| ഇ.എം.എസ്. ഭവന പദ്ധതി | 4652200 | 1122125 | 1122125 | 0 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014/15 | 2-4 | 2016/17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-6 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

| | | | | |
|---|---|---|---|---|
| 2015/16 | 2-7 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-8 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-9 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2016/17 | 2-4 | 2016/17 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് സ്ഥിരീകരണമില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42279286 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31625218 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 ജനകീയാസൂത്രണം | എൽ.എഫ്.പിറ്റിഎ.പി3-45/04 തീയതി 06.05.04/12.07.04 | 2 |
| 2001-02 (വരവ്) | എൽ.എഫ്.പിറ്റിഎ.പി5-780/11 തീയതി 27.06.11 / 07.12.13 | 2 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി3-724/05 തീയതി 23.03.06 / 05.05.2006 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി5-588/07 തീയതി 13.02.2008 | 18 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി7-355/10തീയതി 04.10.10 | 8 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പ7-356/10 തീയതി 04.10.10 | 11 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി5-1094/11 തീയതി 06.12.11/07.12.2013 | 19 |
| 2008-09 | എൽ.എഫ്.പിറ്റിഎ.പി5-404/12 തീയതി 20.09.2011/29.11.2012 | 6 |
| 2009-10 | എൽ.എഫ്.പി.റ്റിഎ.പി5-405/12 തീയതി 02.08.14/09 | 4 |
| 2010-11 | എൽ.എഫ്.പിറ്റിഎ.പി5-406/12 തീയതി 07.06.2012/03.04.14 | 9 |
| 2011-12മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റിഎ.പി8-149/14 തീയതി 24.04.14/14.11.14 | 9 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി8-572/15 തീയതി 08.07.2015 | 12 |
| 2014-15 | കെ.എസ്.എ.പിറ്റി.എ.പി8-749/16 തീയതി 16.07..2016 | 9 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി8-1359/16 തീയതി 24.12.2016 | 20 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി8-1131/17 തീയതി 04.10.2017 | 18 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി8-1574/18 തീയതി 15.12.2018 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി8-786/19 തീയതി 19.9.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്